ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

തീയതി: 23-06-2024

**LSGD/PD/3641/2023-VIGA2**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ്- തിരുവനന്തപുരം നഗരസഭ- അനധികൃത ഹാജരില്ലായ്മ- ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശാന്ത പി. -ക്ക് എതിരായ അച്ചടക്കനടപടി- താത്ക്കാലികമായി ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്.

സൂചന :
1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 14/05/2018, 25/06/2018 തീയതികളിലെ GA7/11816/18 നമ്പർ കത്തുകൾ.
2. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 13/04/2022 തീയതിയിലെ GA7/11816/18 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 15/02/2023 തീയതിയിലെ ഇതേ നമ്പർ കുറ്റാരോപണമെമ്മോയും കുറ്റാരോപണപത്രികയും
4. ശ്രീമതി ശാന്ത പി. സമർപ്പിച്ച എതിർവാദപത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 05/10/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
6. തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 22/02/2024 തീയതിയിലെ LSGD/JD/TVM/4963/2023-B4 നമ്പർ റിപ്പോർട്ട്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 16/04/2024 തീയതിയിലെ ഇതേ നമ്പർ ഹിയറിംഗ് നോട്ടീസ്.
8. തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ

**24/04/2024** തീയതിയിലെ **990775-2024** നമ്പർ കത്ത്.

താങ്കൾ , തിരുവനന്തപുരം നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ, **02/11/2017** മുതൽ താങ്കൾ അനധികൃതമായി ഹാജരാകുന്നില്ലെന്നും താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും താങ്കൾക്കെതിരായ അച്ചടക്കനടപടി താങ്കളുടെ 3 വാർഷിക ഇൻക്രിമെൻറുകൾ സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞു കൊണ്ടും അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതാണെന്നും താങ്കൾ **2021** സെപ്റ്റംബർ മാസം മുതൽ വീണ്ടും അനധികൃതമായി ഹാജരാകാത്തതിനാൽ താങ്കൾ കഠിനശിക്ഷയ്ക്ക് അർഹയാണെന്ന് ശിപാർശ ചെയ്ത് സൂചന (1), സൂചന (2) പ്രകാരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

താങ്കൾ, **2021** സെപ്റ്റംബർ മാസം മുതൽ അനധികൃത ഹാജരില്ലായ്മയിൽ ആണെന്നും കഠിനശിക്ഷയ്ക്ക് അർഹയാണെന്നും നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ജോലിയിൽ പ്രവേശിക്കാതെ ഔദ്യോഗിക കൃതനിർവഹണത്തിൽ നിന്ന് വിട്ടു നിന്ന് കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിന് ഗുരുതരമായ അച്ചടക്കലംഘനം, ചട്ടലംഘനം, സർവീസ് ചട്ടങ്ങളോടുള്ള അനാദരവ് എന്നീ കുറ്റങ്ങൾക്ക് താങ്കൾ ഉത്തരവാദിയാണെന്ന് കണ്ട് താങ്കൾക്കെതിരായി സൂചന (3) പ്രകാരം **1960** ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ **ചട്ടം 15** പ്രകാരം ചുവടെ പറയുന്ന കുറ്റാരോപണങ്ങൾക്ക് കുറ്റാരോപണ മെമ്മോയും പത്രികയും നൽകി നൽകി അച്ചടക്കനടപടി സ്വീകരിക്കുകയുണ്ടായി.

*"താങ്കൾ തിരുവനന്തപുരം നഗരസഭയിൽ റവന്യൂ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ **02/11/2017** മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന കുറ്റത്തിന് താങ്കൾക്കെതിരെ **16/02/2018** തീയതിയിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും **GA7/11316/18** നമ്പറായി വിശദീകരണം ആരായുകയും മെമ്മോ നല്കുകയും ചെയ്തിട്ടുള്ളതും താങ്കൾ **26/02/2018**ൽ ഓഫീസിൽ ഹാജരായി മെമ്മോ കൈപ്പറ്റുകയും തുടർന്ന് താങ്കൾ **11/04/2018** വരെ നഗരസഭയിൽ ജോലിക്ക് ഹാജരായിട്ടുള്ളതുമാണ്. എന്നാൽ താങ്കൾ മെമ്മോയ്ക്ക് മറുപടി നല്കുകയോ **12/04/2018** മുതൽ ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ല. അനധികൃത ഹാജരില്ലായ്മയ്ക്ക് താങ്കൾക്കെതിരെ **17/04/2018** ൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി കുറ്റപത്രം നൽകി അച്ചടക്കനടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ജോലിയിൽ പുനപ്രവേശിപ്പിക്കണം എന്ന് കാണിച്ച് താങ്കൾ നഗരകാര്യ ഡയറക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിലെ ദൈന്യതകൾ പരിഗണിച്ച് താങ്കളെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്നതിന് **20/02/2020** ൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകുകയും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി താങ്കൾക്കെതിരായ അച്ചടക്കനടപടികൾ*

*നിലനിർത്തി **06/03/2020** മുതൽ സേവനത്തിൽ പ്രവേശിപ്പിച്ച് താങ്കളുടെ **3** വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതുമാണ്. എന്നാൽ **2021** സെപ്റ്റംബർ മാസം മുതൽ വീണ്ടും താങ്കൾ അവധി അപേക്ഷ നൽകാതെ അനധികൃതമായി ഓഫീസിൽ ഹാജരാകുന്നില്ലായെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി **13/04/2022** തീയതിയിലെ ജി.എ7 **11816/2018** നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ഉത്തരവാദിത്തമുള്ള സർക്കാർ ഉദ്യോഗസ്ഥയെന്ന നിലയിൽ താങ്കൾ അവധി അപേക്ഷ നൽകി അനുമതി വാങ്ങാതെ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും ഉത്തരവാദിത്തരഹിതമായ പ്രവൃത്തിയുമാണ്. ഇപ്രകാരം നഗരസഭ സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങാതെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ നിന്ന് വിട്ടുനിന്ന് കേരള സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ തുടർച്ചയായ ഗുരുതരമായ അച്ചടക്കലംഘനത്തിനും ചട്ടലംഘനത്തിനും സർവീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാകയാൽ താങ്കൾക്ക് ഈ കുറ്റപത്രം നൽകുന്നു."*

പ്രസ്തുത കുറ്റാരോപണമെമ്മോ കൈപ്പറ്റിയ താങ്കൾ, ടി കാലയളവിൽ വാഹനാപകടം ഉണ്ടായതാണെന്നും അതേ തുടർന്ന് കടുത്ത മാനസിക സമ്മർദത്തിലായതിനാലാണ് അവധി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതെന്നും ബോധപൂർവ്വമല്ലാത്ത തെറ്റായി കണക്കാക്കി മാപ്പ് നൽകി ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചു കൊണ്ട് സൂചന(4) പ്രകാരം എതിർവാദപത്രിക സമർപ്പിക്കുകയുണ്ടായി.

താങ്കൾക്കെതിരായ അച്ചടക്കനടപടിയിൻമേൽ ചട്ടം 15 അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമായി കണ്ട് അപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ആഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജ്യോതിസ് വി. -യെ ചുമതലപ്പെടുത്തി സൂചന (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. താങ്കൾക്ക് എതിരായ അച്ചടക്കനടപടിയിൻമേൽ ഔപചാരിക അന്വേഷണം നടത്തി സൂചന (6) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ശ്രീമതി ശാന്ത പി. ക്കെതിരെയുള്ള കുറ്റാരോപണങ്ങൾ ശരിവയ്ക്കുന്ന ഔപചാരിക അന്വേഷണ റിപ്പോർട്ടാണ് ലഭ്യമായിട്ടുള്ളത്. അനധികൃതമായി അവധിയിൽ പ്രവേശിച്ചതിന് ടിയാൾക്കെതിരെ ഒരു തവണ അച്ചടക്കനടപടി സ്വീകരിക്കുകയും തുടർന്ന് മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും ഒരു തവണ ശിക്ഷണ നടപടി സ്വീകരിച്ചിട്ടും

വീണ്ടും അതെ കുറ്റം ആവർത്തിച്ചതും ഗുരുതര വീഴ്ചയാണെന്നും ഓഫീസ് നടപടിക്രമങ്ങളോടും സർക്കാർ സർവീസിനോടുമുള്ള ടിയാളുടെ നിരുത്തരവാദപരമായ സമീപനമാണ് ഇതിൽ നിന്നും വ്യക്തമാകുന്നതെന്നും ആയതിനാൽ അവധി അപേക്ഷ സമർപ്പിക്കാതെയും മുൻകൂർ അനുമതി ഇല്ലാതെയും ആഫീസിൽ ഹാജരാകാതിരുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശാന്ത പി. യുടെ പ്രവൃത്തി ഓഫീസ് നടപടിക്രമങ്ങളോടും സർക്കാർ സർവീസിനോടുമുള്ള നിരുത്തരവാദപരമായ സമീപനവും അച്ചടക്കലംഘനവും സർവീസ് ചട്ടങ്ങളുടെ ലംഘനവും ശിക്ഷാർഹവുമാണെന്ന ശിപാർശയോടെ സൂചന (6) പ്രകാരം ഔപചാരിക അന്വേഷണറിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

താങ്കൾക്ക് എതിരായ അച്ചടക്കനടപടിയിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി താങ്കളെ **02/05/24** വ്യാഴാഴ്ച **12 pm** ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ന്റെ ചേംബറിൽ വച്ച് സൂചന (7) ഹിയറിംഗ് നോട്ടീസ് പ്രകാരം നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. സൂചന (7) ഹിയറിംഗ് നോട്ടീസ്, താങ്കൾ **17/04/2024** തീയതിയിൽ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് പകർപ്പ്, സൂചന (8) പ്രകാരം തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമർപ്പിക്കുകയുണ്ടായി.

പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള ഹിയറിംഗിനുള്ള അറിയിപ്പ് താങ്കൾക്ക് യഥാസമയം ലഭിച്ചിട്ടും താങ്കൾ ഹിയറിംഗിന് ഹാജരായിരുന്നില്ല. താങ്കൾക്ക് ഏതെങ്കിലും രീതിയിൽ അസൗകര്യമുണ്ടായിരുന്നെങ്കിൽ ആയത് അറിയിക്കുന്നതിന് കഴിയുമായിരുന്നു. നേർ വിചാരണയിൽ പങ്കെടുക്കാതിരുന്നത് താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാൻ ഇല്ലാത്തതിനാൽ ആണെന്ന് കാണുന്നു.

തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ടുകളിൽ നിന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ നിന്നും താങ്കൾ നിരന്തരമായി ഓഫീസിൽ ഹാജരാകുന്നില്ലായെന്ന് വ്യക്തമാകുന്നു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും താങ്കൾക്ക് നേർവിചാരണക്ക് ഹാജരാകുന്നതിന് നിർദേശം നൽകിയിട്ടും താങ്കൾ നേർവിചാരണയ്ക്ക് ഹാജരായിട്ടില്ല. താങ്കളുടെ പ്രവൃത്തി തികച്ചും അച്ചടക്കരാഹിത്യവും കൃത്യനിർവ്വഹണ വീഴ്ച്ചയും മേലധികാരികളോടുള്ള അനാദരവും, സർക്കാർ സേവനത്തിൽ തുടരുന്നതിനുള്ള താൽപ്പര്യമില്ലായ്മയുമായി കാണുന്നു. ജോലിക്ക് ഹാജരാകാൻ ഒരാളെ പ്രേരിപ്പിക്കുന്നതിനോ നിർബന്ധിക്കുന്നതിനോ കഴിയുന്നതല്ല. വ്യക്തമായ കാരണങ്ങൾ ഇല്ലാതെയും അവധി അപേക്ഷ സമർപ്പിക്കാതെയും താങ്കൾ ആഫീസ് മേലധികാരിയുടെ മുൻകൂർ അനുമതിയില്ലാതെ അനധികൃത ഹാജരില്ലായിൽ പ്രവേശിച്ചത് ഗുരുതരമായ കൃത്യവിലോപവും മേലധികാരികളോടുള്ള ധിക്കാരപരമായ പെരുമാറ്റവും അച്ചടക്കലംഘനവും സർവീസ് ചട്ടങ്ങളോടുള്ള അനാദരവും ശിക്ഷാർ ഹവുമാണ്. അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും

നിരുത്തരവാദപരമായി പെരുമാറുകയും ആഫീസ് മേലധികാരിയുടെ മുൻകൂർ അനുമതിയില്ലാതെയും അവധി അപേക്ഷ സമർപ്പിക്കാതെയും താങ്കൾ അനധികൃതമായി ആഫീസിൽ ഹാജരാകാതിരിക്കുകയും ചെയ്ത താങ്കളുടെ പ്രവൃത്തിയിലൂടെ താങ്കൾ സർക്കാർ സേവനത്തിൽ തുടരുവാൻ യോഗ്യയല്ല എന്ന് ബോധ്യപ്പെടുന്നു.

മേൽ സാഹചര്യത്തിൽ, കേരളത്തിൽ പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സേവനങ്ങൾക്കായി സമീപിക്കുന്ന തദ്ദേശസ്വയംഭരണവകുപ്പിലെ ഒരു ഉത്തരവാദിത്തപെട്ട സർക്കാർ ജീവനക്കാരി എന്ന നിലയിൽ താങ്കളുടെ ഭാഗത്ത് നിന്ന് ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും മേലധികാരികളോടുള്ള ധിക്കാരപരമായ പെരുമാറ്റവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമുണ്ടായിട്ടുള്ളതായി ബോധ്യപ്പെടുന്നു. ആകയാൽ **1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 11(1)(vii) പ്രകാരം താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from service) താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.** പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക കാരണങ്ങളെന്തെങ്കിലും താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം രേഖാമൂലം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ മേൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി സൂചന (3) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കുന്നതായിരിക്കും. നേരിൽ കാര്യങ്ങൾ ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

സൂചന (6) ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**Seeram Sambasiva Rao IAS**
**PRINCIPAL DIRECTOR**

**ശ്രീമതി ശാന്ത പി.**
**ഓഫീസ് അറ്റൻഡന്റ്, തിരുവനന്തപുരം നഗരസഭ**
**(ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്,**
**തിരുവനന്തപുരം മുഖേന)**

**<u>പകർപ്പ്</u>**

**1 . ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (കാരണം കാണിക്കൽ നോട്ടീസിന്റെ 3 പകർപ്പുകൾ അയയ്ക്കുന്നു. ശ്രീമതി ശാന്ത പിക്ക് പ്രസ്തുത നോട്ടീസ് നൽകി ടിയാളുടെ ഒപ്പും പേരും തീയതിയും രേഖപ്പെടുത്തി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)**

2. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
3. സിസ്റ്റം മാനേജർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
   (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. കരുതൽ/അധികം

Signed by Ajith S
Date: 27-06-2024 16:09:53